നം. വൈ2/30077/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 01.09.2018
ഫോൺ നം. 0471-2580506
ഇ-മെയിൽ- y2section@gmail.com

## പ്രസിദ്ധീകരണത്തിന്

### പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് - 2018

അധ്യാപകരുടെ സാഹിത്യ അഭിരുചിക്കുള്ള 2018- ലെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് പ്രഖ്യാപിച്ചു. സർഗ്ഗാത്മ സാഹിത്യം, വൈജ്ഞാനിക സാഹിത്യം, ബാലസാഹിത്യം എന്നീ മേഖലകളിലെ മികച്ച കൃതി കൾക്കാണ് അവാർഡുകൾ നൽകുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായിട്ടുള്ള സമിതിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തിട്ടുള്ള ത്. 10,000 രൂപയും പ്രശസ്തി പത്രവും, ശില്പവും ആണ് അവാർഡ് ജേതാ ക്കൾക്ക് നൽകുന്നത്.

അവാർഡ് നേടിയവർ :- വൈജ്ഞാനിക സാഹിത്യത്തിൽ **ചന്ദ്രൻ മുട്ടത്ത്**

(യു.പി.എസ്.എ, ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, കാസറഗോഡ്) രചിച്ച **ചിലമ്പ് തെയ്യം: ഉൽപ്പത്തിയും ചരിത്രവും** എന്ന കൃതി തെരഞ്ഞെടുക്ക പ്പെട്ടു. സർഗ്ഗാത്മക സാഹിത്യത്തിൽ **ജയചന്ദ്രൻ പൂക്കരത്തറ** (എച്ച്.എസ്.റ്റി, എ. വി. ഹയർസെക്കന്ററി സ്കൂൾ പൊന്നാനി, മലപ്പുറം) രചിച്ച **'കാന്താര താരകം'** എന്ന കൃതി തെരഞ്ഞെടുക്കപ്പെട്ടു. ബാലസാഹിത്യത്തിൽ **കെ.കെ. സുരേഷ്** (യു.പി.എ സ്.എ, കടന്നപ്പള്ളി യു.പി.സ്കൂൾ, കടന്നപ്പള്ളി. പി.ഒ, പിലാത്തറ, കണ്ണൂർ) രചിച്ച **നാടകക്കൂട്** എന്ന കൃതിയും തെരഞ്ഞെടുത്തു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ